"ഭരണഭാഷ-മാതൃഭാഷ"

Kerala Prisons & Correctional Services

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
ഫോൺ : 0471-2342532
ഇമെയിൽ:keralaprisons@gov.in
തീയതി : 30-09-2019

## സർക്കുലർ നം 50/2019

2019 കേരള നിയമസഭ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ പെരുമാറ്റച്ചട്ടം നിലവിലുള്ള ജില്ലകിളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച് നിയന്ത്രണം നിലനിൽക്കുന്നുണ്ടോ എന്ന കാര്യത്തിൽ സംശയനിവാരണത്തിനായി പല ജയിലുകളിൽ നിന്നും ജയിലാസ്ഥാനകാര്യാലയത്തിൽ കത്ത് / ഫോൺ മുഖാന്തിരം ഉദ്യോഗസ്ഥർ അന്വേഷണം നടത്തുന്നതിനാൽ താഴെ പറയുന്ന നിർദേശം പുറപ്പെടുവിക്കുന്നു.

2019 കേരള നിയമസഭ ഉപതെരഞ്ഞെടുപ്പിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലും, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട, കാസർഗോഡ് എന്നീ ജില്ലകളിലും മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടുള്ളതിനാൽ ടി പ്രദേശങ്ങളിലെ തടവുകാർക്ക് വളരെ അടിയന്തിരമായ ഘട്ടങ്ങളിൽ ചീഫ് ഇലക്ഷൻ ഓഫീസറുടെ അനുമതിയോടു കൂടി മാത്രമേ പരോൾ അനുവദിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ ജയിലാസ്ഥാനകാര്യത്തിൽ നിന്നുമുള്ള നിർദേശമില്ലാതെ ഇലക്ഷൻ മാതൃകാ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായി ടി പ്രദേശങ്ങളിൽ താമസിക്കുന്ന തടവുകാർക്ക് അതാത് പ്രദേശങ്ങളിൽ ഇലക്ഷൻ കഴിയുംവരെ പരോൾ അനുവദിക്കാൻ പാടുള്ളതല്ല എന്നറിയിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: സൂപ്രണ്ട്,
സെൻട്രൽ ജയിൽ - തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ
വനിതാ ജയിൽ-തിരുവനന്തപുരം/ വിയ്യൂർ/ കണ്ണൂർ
തുറന്ന ജയിൽ- നെട്ടുകാൽത്തേരി/ ചീമേനി
വനിതാ തുറന്ന ജയിൽ തിരുവനന്തപുരം

പകർപ്പ് : 1.ഡി.ഐ.ജി. ഓഫ് പ്രിസൺസ്
ഉത്തരമേഖല/മധ്യമേഖല/ദക്ഷിണമേഖല
2. റീജിയണൽ വെൽഫെയർ ഓഫീസർ
ഉത്തരമേഖല/മധ്യമേഖല/ദക്ഷിണമേഖല
3. ഒ.സി

WP2-5292/2019/PrHQ

587f52